**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കോളനി നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ഓരോ കോളനിയ്ക്കും അനുവദിച്ച തുക എത്രയാണെന്നും ആയത് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കാമോ; | (ബി) | **പള്ളിമുകൾ കോളനി** പ്രവർത്തികൾക്ക് ഏജൻസിയ്ക്ക് Centage ചാർജ്ജ് ഉൾപ്പെടെ ആകെ **90,80,363/- രൂപ** അനുവദിച്ച റോഡ് സൈഡ് കെട്ടി കട്ട വിരിക്കൽ , റോഡ് റീ ടാറിംഗ് , വാട്ടർടാങ്ക് നിർമ്മാണം , സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ , പമ്പ്സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കൽ , കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**കുറ്റകോളനി**യിൽ നടപ്പിലാക്കിയ പ്രവർത്തികൾക്കായി ഏജൻസിയ്ക്ക് Centage ചാർജ്ജൊഴികെ ആകെ **72,57,432/- രൂപ** അനുവദിച്ച ഓവർഹെഡ് വാട്ടർടാങ്ക് നിർമ്മാണം , തൊണ്ടങ്ങൽമൂല റോഡ് റീ ടാറിംഗ് , സാംസ്കാരിക സമിതി കെട്ടിട നിർമ്മാണം, കുടിവെള്ളപദ്ധതി , ഭവന നവീകരണം , ചിറ നവീകരണം , സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇനിയും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ; ഓരോ പ്രവൃത്തിയും ഏത് വർഷത്തിലാണ് ഇടങ്ങിയതെന്ന് വ്യക്തമാക്കാമോ? | (സി) | കുറ്റകോളനിയിലെ കുടിവെള്ള പദ്ധതിയിൽ പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിനുള്ള കുറച്ചു പ്രവൃത്തികൾ മാത്രമാണ് ശേഷിക്കുന്നത്. ആയത് 30/06/2022നകം പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കുറ്റകോളനിയിൽ സിവിൽ വർക്ക് 25/07/2018 തീയതിയിലും കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി 10/06/2020 തീയതിയിലുമാണ് ആരംഭിച്ചിട്ടുള്ളത്.<br><br>പള്ളിമുകൾ കോളനിയിൽ പ്രവൃത്തി തുടങ്ങിയത് 25/07/2018 തീയതിയിലും അവസാനിച്ചത് 09/02/2021 തീയതിയിലുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | വർഷം | കോളനിയുടെ പേര് | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 2016-17 | പള്ളിമുകൾ കോളനി | KEL | പ്രവർത്തികളെല്ലാം പൂർത്തീകരിച്ചു |
| 2 | 2016-17 | കുറ്റ കോളനി | KEL | കുടിവെള്ള ടാങ്കിലേക്കുള്ള കുറച്ചു ഭാഗം കൂടി പൈപ്പ് ലൈൻ ഇട്ട് കണക്ഷൻ കൊടുക്കുവാനുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 3 | 2019-20 | വീട്ടൂർ കോളനി | DNK | പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | 2020-21 | മൂലേക്കുഴി കോളനി | DNK | നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. |
| 5 | 2021-22 | പുത്തേത്ത്മുകൾ കോളനി | FIT | പ്രാഥമിക യോഗം 04/04/2022 ന് ചേർന്നു. |
| 6 | 2021-22 | പുളിയാംപിള്ളി കോളനി | FIT | പ്രാഥമിക യോഗം 24/06/2022 ന് ചേർന്നു. |

സെക്ഷൻ ഓഫീസർ